"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - എക്സൈസ് വകുപ്പിലെ സീനിയോറിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.160/2025/TAXES　തീയതി,തിരുവനന്തപുരം, 19-02-2025

---

പരാമർശം:-
1. സ.ഉ(സാധാ)നം.425/2024/നികുതി തീയതി 22.05.2024
2. സ.ഉ(സാധാ)നം.608/2024/നികുതി തീയതി 10.07.2024
3 സ.ഉ(സാധാ)നം.904/2024/നികുതി തീയതി 10.10.2024
4 എക്സൈസ് കമ്മീഷണറുടെ 05.02.2025-ലെ ഇ.എക്സ്.ഡി/5618/2024-എക്സ്.ഡി3 പാർട്ട് (1) നമ്പർ കത്ത്

**ഉത്തരവ്**

2004-2006 കാലയളവിലെ എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു.തുടർന്ന് പരാമർശം (2),(3) ഉത്തരവുകൾ പ്രകാരം ടി കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നു. ടി കാലയളവിലെ സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിന് ആനുപാതികമായി മേൽ തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റുകളും, കമ്മിറ്റി റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എന്നീ തസ്തികകളിലെ 2024 വരെയുള്ള കാലയളവിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റുകളും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണെന്നും എന്നാൽ എക്സൈസ് ഇൻസ്പെക്ടർ,എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റുകൾ യഥാക്രമം 31.02.2019, 01.06.2019 തീയതികൾ വരെ മാത്രമാണ് അന്തിമമായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതെന്നും ടി രണ്ടു തസ്തികകളിലെയും തുടർന്നുള്ള കാലയളവിലെ സീനിയോറിറ്റി ലിസ്റ്റുകൾ കാലാനുസൃതമായി തയ്യാറാക്കുന്നതിന് കമ്മിറ്റിയുടെ കാലയളവ് ദീർഘിപ്പിക്കേണ്ടതുണ്ടെന്നും ആയത് കൂടാതെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ എൻ.സി.എ വിജ്ഞാപനത്തിലൂടെ നേരിട്ട് നിയമനം ലഭിച്ച ഉദ്യോഗസ്ഥർ കൂടി ഉൾപ്പെടുന്ന കാലയളവിലെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതിനാൽ ഗസറ്റഡ് കേഡറിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ ഉദ്യോഗസ്ഥരുടെ കുറവ് കൂടി പരിശോധിക്കേണ്ടതുണ്ടെന്നും ആയതിനാൽ ടി വിഷയം കൂടി പരിശോധിക്കുന്നതിന് അധികാരപ്പെടുത്തി കമ്മിറ്റിയുടെ കാലാവധി 4 മാസത്തേക്ക് കൂടി ദിർഘിപ്പിച്ചു നൽകണമെന്നും പരാമർശം (4) പ്രകാരം എക്സൈസ് കമ്മീഷണർ

അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.എക്സൈസ് കമ്മീഷണറുടെ പരാമർശം (4) ലെ കത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യം പരിഗണിച്ച്, ഗസറ്റഡ് കേഡറിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ ഉദ്യോഗസ്ഥരുടെ ലഭ്യത പരിശോധിക്കുവാനും കൂടി അധികാരപ്പെടുത്തി 22.05.2024 ൽ പരാമർശം (1) പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ കാലാവധി ഉത്തരവ് തീയതി മുതൽ 4 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷജില എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം
2.ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് - ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
4. വെബ് &ന്യൂ മീഡിയ
5. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Reese. V. A**
**Date: 19-02-2025 11:50:05**

സെക്ഷൻ ഓഫീസർ